ആരോഗ്യശ്രീ പദ്ധതി

96 [1035] ശ്രീ. കളത്തിൽ അബ്ദുള്ള :
" ചെർക്കളം അബ്ദുള്ള :
" സി. മമ്മൂട്ടി :
" ടി. പി. എം. സാഹിർ :
" ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആരോഗ്യശ്രീ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ;

(ബി) ഈ പദ്ധതിയിൽ എത്ര അംഗങ്ങളെ ഇതുവരെയായി ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) എല്ലാ ജില്ലകളിലും ഈ പദ്ധതി ഇപ്പോൾ വ്യാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ദരിദ്ര കുടുംബങ്ങൾക്ക് ആരോഗ്യ സുരക്ഷ ഉറപ്പു വരുത്തുന്നതിനുള്ള കുടുംബ സുരക്ഷ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

(1) ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്ന കുടുംബങ്ങളിലെ മുഖ്യവരുമാനദായകൻ/ദായകയ്ക്ക് അപകടംമൂലം മരണം സംഭവിക്കുകയാണെങ്കിൽ അതിനെത്തുടർന്ന് കുടുംബത്തിലുണ്ടാകുന്ന വരുമാനനഷ്ടം പരിഹരിക്കുന്നതിന് ഒരു ലക്ഷം രൂപ നഷ്ടപരിഹാരമായി ലഭ്യമാക്കുക.

(2) പൂർണ്ണമായ അംഗവൈകല്യം ഉണ്ടാവുകയാണെങ്കിൽ ഒരു ലക്ഷം രൂപ നഷ്ടപരിഹാരം ലഭ്യമാക്കുക.

(3) ഭാഗികമായ അംഗവൈകല്യം ഉണ്ടാവുകയാണെങ്കിൽ 50,000 രൂപ നഷ്ട പരിഹാരം ലഭ്യമാക്കുക.

(4) കുടുംബത്തിലെ അംഗങ്ങൾക്ക് രോഗംമൂലം ആശുപത്രി ചികിത്സ ലഭ്യമാക്കേണ്ടി വന്നാൽ 30,000 രൂപ വരെ ചെലവു വരുന്ന ആശുപത്രി ചികിത്സ പരിധികളില്ലാതെ സൗജന്യമായി ലഭ്യമാക്കുക.

(5) ആശുപത്രി ചികിത്സയോടനുബന്ധിച്ച് മുൻപോ ശേഷമോ വീട്ടിൽ കിടത്തി ചികിത്സിക്കേണ്ടി വന്നാൽ അതിനാവശ്യമായ ചെലവ് പരമാവധി 6,000 രൂപ വരെ ലഭ്യമാക്കുക.

(6) പ്രസവ ചികിത്സയ്ക്ക് പരമാവധി 15,000 രൂപ വരെ സൗജന്യ ചികിത്സ ലഭ്യമാക്കുക.

(7) മാനസിക രോഗമുൾപ്പെടെ നിലവിലുള്ള എല്ലാ രോഗങ്ങൾക്കും പരിരക്ഷ ഏർപ്പെടുത്തുക.

LIBRARY ARCHIVES Kerala Legislative Assembly

(8) മുഖ്യവരുമാനദായകനായ ഗൃഹനാഥനോ/ഗൃഹനാഥയോ ആശുപത്രിയിൽ കിടത്തി ചികിത്സിക്കേണ്ടി വരുമ്പോൾ ഉണ്ടാവുന്ന വരുമാനനഷ്ടം നികത്തുന്നതിന് ഒരാഴ്ചക്കാലത്തേക്ക് പ്രതിദിനം 50 രൂപ നിരക്കിൽ ഉപജീവനബത്ത നൽകുക.

(9) ഇപ്രകാരം ആശുപത്രി ചികിത്സ നേടുന്ന മുഖ്യവരുമാനദായകനായ ഗൃഹനാഥന്/ഗൃഹനാഥയ്ക്ക് കൂട്ടിരിക്കേണ്ടി വരുന്ന ആൾക്ക് കൂട്ടിരിപ്പ് ബത്ത പ്രതിദിനം 50 രൂപ നിരക്കിൽ ഒരാഴ്ചക്കാലത്തേക്ക് ലഭ്യമാക്കുക.

(10) സംസ്ഥാനത്തെ 15-ൽ കൂടുതൽ കിടക്കകളുള്ള സർക്കാർ/സ്വകാര്യ/സഹകരണ ആശുപത്രികളിൽ സൗജന്യ ചികിത്സ ഉറപ്പുവരുത്തുക.

(11) ഇൻഷ്വറൻസ് കമ്പനി നൽകുന്ന തിരിച്ചറിയിൽ കാർഡിന്റെ അടിസ്ഥാനത്തിൽ മുൻകൂട്ടി പണം നൽകാതെ ചികിത്സ ലഭ്യമാക്കുക.

(12) ദരിദ്ര കുടുംബങ്ങൾക്ക് അപകടംമൂലമോ രോഗംമൂലമോ ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം നികത്തുന്നതിന് അവസരം ഒരുക്കുക.

(ബി) 2006 ഫെബ്രുവരി 9 വരെ 12,69,173 ദരിദ്ര കുടുംബങ്ങൾ പദ്ധതിയിൽ അംഗമായിച്ചേർന്നിട്ടുണ്ട്.

(സി) എല്ലാ ജില്ലകളിലും പദ്ധതി വ്യാപിപ്പിച്ചിട്ടുണ്ട്.

കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ വഴിയുള്ള സഹായങ്ങൾ

97 [1036] ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ വഴി എത്ര കുടുംബങ്ങളെ സംരക്ഷിക്കുവാൻ കഴിഞ്ഞു എന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതുവഴി നൽകിയ സഹായങ്ങൾ ഏതെല്ലാമെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അതായത് 1-9-2004 മുതൽ 31-12-2005 വരെ 22,300 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. ഈ അയൽക്കൂട്ടങ്ങളിൽ 6,51,869 കുടുംബങ്ങൾ ഉൾപ്പെട്ടിട്ടുണ്ട്.

(ബി) 2004-05, 2005-06 സാമ്പത്തിക വർഷങ്ങളിൽ 225 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ആശ്രയ അഗതി പുനരധിവാസ പദ്ധതി ഏറ്റെടുക്കുകയും 16,240 അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുകയും ഉണ്ടായി. 1-9-2004 മുതൽ കുടുംബശ്രീ സംഘടനാ സംവിധാനത്തിലൂടെ അയൽക്കൂട്ട അംഗ കുടുംബങ്ങൾക്കുവേണ്ടി നടപ്പാക്കിയിട്ടുള്ള വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. †

† അനുബന്ധം XII, XII(എ)- XII(ബി) & XII(സി)

LIBRARY ARCHIVES Kerala Legislative Assembly